**Press Release by Ministry of Health and Family Welfare ( 13.03.2020)**
March 13, 2020

## ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിൽ നിന്നുള്ള വാർത്താക്കുറിപ്പ് ( 13.03.2020)
## മാർച്ച് 13, 2020

ഇന്ത്യൻ സർക്കാർ സംസ്ഥാനങ്ങൾ/ കേന്ദ്ര ഭരണപ്രദേശങ്ങൾ എന്നിവയ്ക്കൊപ്പം പ്രധാന പരിഗണനയോടെ, സമയ ബന്ധിതമായും സക്രിയമായും ധാരാളം നടപടികൾ കോവിഡ് -19 ന്റെ പ്രതിരോധത്തിനും തടഞ്ഞു നിർത്തുന്നതിനും കൂടാതെ കൈകാര്യം ചെയ്യുന്നതിനുമായി സ്വീകരിച്ചിരുന്നു. യാത്ര നിയന്ത്രണങ്ങൾ, വിസകൾ താത്കാലികമായി തടഞ്ഞു വയ്ക്കുന്നത് കൂടാതെ സെല്ഫ് ക്വാറന്റൈൻ പോലുള്ള പൊതുജന താല്പര്യാർത്ഥം രോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ മുൻപ് തന്നെ സ്വീകരിക്കുകയും രാഷ്ട്രീയവും ഭരണപരവുമായ ഉന്നത തലങ്ങളിൽ നിന്നും തുടർച്ചയായ അവലോകനവും നിരീക്ഷണവും നടത്തുകയും ചെയ്തിരുന്നു.

ആദ്യം മുതൽക്കു തന്നെ പ്രവേശനത്തിൽ ജാഗ്രതാനിരീക്ഷണം ഏർപ്പെടുത്തിയതും , വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും വന്നിറങ്ങുന്ന യാത്രക്കാരെ ആഗോളതലത്തിൽ സ്ക്രീനിങ്ങിനു വിധേയരാക്കുന്നതും, കോവിഡ് -19 ബാധിച്ചിട്ടുള്ള രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിക്കുന്നതും, മതിയായ ലബോറട്ടറി, ക്വാറന്റൈൻ സൗകര്യങ്ങൾ ലഭ്യമാക്കിയതും രാജ്യത്തെ കോവിഡ് 19 നെ തടഞ്ഞു നിർത്തുന്നതിനു കൈകാര്യം ചെയ്യുന്നതിനും വളരെ വലിയ പങ്ക് വഹിച്ചു.

സാമൂഹികമായ ജാഗ്രത നിരീക്ഷണം, ക്വാറന്റൈൻ, ഐസൊലേഷൻ വാർഡുകൾ, മതിയായ PPE കൾ പരിശീലനം ലഭിച്ച ആളുകൾ, തീവ്ര പരിചരണ സംഘങ്ങൾ തുടങ്ങിയ ആവശ്യ സേവനങ്ങൾ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും കൂടുതൽ ശക്തിയാർജ്ജിച്ചു.

ഇത് വരെ മാൽദ്വീപുകൾ, മ്യാന്മാർ, ബംഗ്ലാദേശ്, ചൈന , US , മഡഗാസ്കർ, ശ്രീലങ്ക , നേപ്പാൾ , ദക്ഷിണാഫ്രിക്ക, പെറു എന്നിവിടങ്ങളിൽ നിന്നുള്ള 48 പൗരന്മാർ ഉൾപ്പടെ 1031 ആളുകളെ ഇന്ത്യ രക്ഷപെടുത്തിയിട്ടുണ്ട്.

ഇതുവരെയ്ക്കും കോവിഡ് -19 ബാധിച്ച രാജ്യങ്ങളിൽ നിന്നും രക്ഷപെടുത്തിയതിൽ 890 പേർ 14 ദിവസത്തെ ഐസൊലേഷന് ശേഷം

മാനദണ്ഡങ്ങൾ അനുസരിച്ച് ടെസ്റ്റ് നെഗറ്റീവ് ആയി ഡിസ്ചാർജ് ചെയ്യപ്പെട്ടിട്ടുമുണ്ട്.

ഫെബ്രുവരി 1,3 തീയതികളിൽ ചൈനയിലെ വുഹാനിൽ നിന്നും രക്ഷപ്പെടുത്തിയ 654 പേർ 2020 ഫെബ്രുവരി 18 ആം തിയതി രോഗം ഭേദമായി ഡിസ്ചാർജ് ആയിട്ടുണ്ട്.

ജപ്പാനിൽ നിന്നും രക്ഷപ്പെടുത്തിയ 124 വ്യക്തികളും ചൈനയിൽ നിന്നും രക്ഷപ്പെടുത്തിയ 112 പേരും കോവിഡ് -19 ന്റെ രണ്ടാം ഘട്ട പരിശോധനകൾക്ക് ശേഷം ടെസ്റ്റ് നെഗറ്റീവ് ആയി ഇന്ന് ഡിസ്ചാർജ് ചെയ്തിരുന്നു.

കോവിഡ് -19 ബാധിച്ച പരമാവധി രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ പൗരന്മാരെ തിരികെ കൊണ്ടുവരുന്നതിനായി ഇന്ത്യൻ സർക്കാർ അശാന്ത പരിശ്രമം നടത്തിയിരുന്നു. ഇന്ത്യ ശാസ്ത്രജ്ഞരെയും, ലാബ് ഉപകരണങ്ങൾ, പരീക്ഷണവസ്തുക്കൾ എന്നിവയും അയക്കുകയും പരിശോധിക്കുന്നതിനായി സാമ്പിളുകൾ രാജ്യത്തേക്ക് തിരികെ കൊണ്ട് വരുകയും ചെയ്തിരുന്നു. ഇത് വരേയ്ക്കും ഇറാനിൽ നിന്നും 1199 സാമ്പിളുകൾ ഇന്ത്യയിലേക്ക് പരിശോധനയ്ക്കായി കൊണ്ട് വന്നിട്ടുള്ളത്.

ഇന്ത്യൻ വ്യോമസേനയുടെ ഒരു പ്രത്യേക വിമാനം 2020 മാർച്ച് 10 ന് 58 യാത്രികരെ ഇറാനിൽ നിന്നും തിരികെ കൊണ്ട് വന്നിരുന്നു. ഇന്ത്യ മഹൻ എയർ വിമാനവും കാറുകളെ ഇറാനിൽ നിന്ന് തിരികെ കൊണ്ട് വരാൻ സൗകര്യപ്പെടുത്തിയിരുന്നു കൂടാതെ ഇന്ന് 44 യാത്രികരുമായി ഒരു വിമാനം മുംബൈയിൽ പറന്നിറങ്ങിയിരുന്നു.ഇതിലെ യാത്രക്കാർക്ക് നാവികസേനയുടെ സൗകര്യങ്ങളിൽ ക്വാറന്റൈനിൽ താമസിപ്പിച്ചു.മറ്റൊരു മഹൻ വിമാനം ഡൽഹിയിൽ ലാൻഡ് ചെയ്യുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു.ആവശ്യാനുസരണം ഇത്തരത്തിൽ പരിശോധന ഫലം നെഗറ്റീവ് ആയ ഇന്ത്യക്കാരെ കൊണ്ട് വരാനായി ഉപയോഗിക്കുന്നതാണ്. ഇറാനിൽ പോസിറ്റീവ് ആണെന്ന് കണ്ടെത്തിയ ആളുകളുടെ ചികിത്സയും മാനദണ്ഡങ്ങൾ അനുസരിച്ച് ഇന്ത്യ ക്രോഡീകരിക്കുന്നുണ്ട്.

ആരോഗ്യമന്ത്രാലയത്തിൽ നിന്നും നാല് ഡോക്ടർമാർ ഉൾപ്പെട്ട സംഘത്തെ റോമിലേക്ക് അയച്ചിരുന്നു. അവർ ആവശ്യമായ വസ്തുക്കളും പരീക്ഷണ പദാർത്ഥങ്ങളുമായി ഇന്ത്യക്കാരുടെ സാമ്പിളുകൾ ശേഖരിച്ചു പരിശോധനയ്ക്കായി കൊണ്ട് വരുന്നതിനു റോമിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

ഇതിനു പുറമെ, മൊത്തം 11,71,061 യാത്രക്കാരെ 30 വിമാനത്താവളത്തിൽ നിന്നുള്ള 10,876 വിമാനങ്ങളിൽ നിന്നും തിരഞ്ഞെടുത്തിരിക്കുന്നു. 3,062 യാത്രക്കാരെയും അവരുടെ 583 സമ്പർക്കങ്ങളും തിരിച്ചറിഞ്ഞ് IDAP / നിർദിഷ്ട ആശുപത്രികൾ എന്നിവയിലേക്ക് മാറ്റിയിരിക്കുന്നു. 42,296 യാത്രക്കാരെ സാമൂഹിക ജാഗ്രത നിരീക്ഷണത്തിൽ കൊണ്ട് വന്നിരിക്കുന്നു ഇതിൽ 2,559 പേർക്ക് ലക്ഷണങ്ങളുണ്ട് കൂടാതെ 522 പെർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. 25,504

യാത്രക്കാരെ ചെറുതും വലുതുമായ തുറമുഖങ്ങളിലും കൂടാതെ 14 ലക്ഷത്തിലധികം ആളുകളെ അതിർത്തികളിലെ പരിശോധിച്ചിരുന്നു.

ഇന്ന് വരെയുള്ള കണക്കുകളിൽ രാജ്യത്ത് കോവിഡ് 19 ഉറപ്പാക്കിയ 18 കേസുകളാണുള്ളത്. ഇതിലെ 3 പേർ കേരളത്തിൽ നിന്നായിരുന്നു അവരെ ചികിത്സയ്ക്ക് ശേഷം ഡിസ്ചാർജ് ചെയ്തിരുന്നു.ഇത് കൂടാതെ സഫ്ദർജംഗിൽ നിന്നുള്ള 7 പേർക്ക് കൂടി അസുഖം ഭേദപ്പെട്ടിരുന്നു.ഉറപ്പാക്കിയ കേസുകളിൽ 64 കേസുകളും ഇന്ത്യൻ പൗരന്മാരും, 16 ഇറ്റാലിയൻ പൗരന്മാരും, 1 കനേഡിയൻ പൗരനുമാണുള്ളത്. ഈ കേസുകളുടെ സമ്പർക്കം പരിശോധിക്കുന്നത് ക്രിയാത്മകമായി പൂർത്തിയാക്കിയിരുന്നു. ഇത് വരെ കണ്ടെത്തിയ 4000 സമ്പർക്കങ്ങളിൽ ഉള്ളവരെയെല്ലാം തന്നെ ജാഗ്രത മേൽനോട്ടത്തിൽ സൂക്ഷിച്ചിരിക്കുന്നു.

സ്ഥിരീകരിച്ച കേസുകളിൽ കോവിഡ് -19 നെത്തുടർന്നുള്ള ആദ്യ അപകടവും ഉൾപ്പെടുന്നു. ആസ്തമയും ഉയർന്ന രക്തസമ്മർദവും പോലെ മറ്റു പല അസുഖങ്ങളും ഉണ്ടായിരുന്ന കർണാടകയിലെ 76 വയസ്സുണ്ടായിരുന്ന ഒരു മുതിർന്ന പൗരനായിരുന്നു ഇത്. ഇയാളുടെ കോവിഡ് -19 പരിശോധനയും പോസിറ്റീവ് ആയിരുന്നു.19.പ്രോട്ടോകോളുകൾക്ക് അനുസരിച്ചു നടപ്പാക്കിയ സ്ക്രീനിങ്, സമ്പർക്കങ്ങളിൽ നിന്നുള്ള ഹോം ക്വാറന്റൈൻ തുടങ്ങി കർണാടക സംസ്ഥാന ആരോഗ്യ വകുപ്പ് സ്വീകരിച്ചിരിക്കുന്ന എല്ലാ നടപടികളും സസൂഷ്മം നിരീക്ഷിച്ചു വരുന്നു.

സർക്കാർ പുറത്തിറക്കിയ യാത്ര നിയന്ത്രണങ്ങളിൽ ഉയർന്ന നിരക്കിൽ കേസുകളും മരണങ്ങളും റിപ്പോർട്ട് ചെയ്യുന്ന രാജ്യങ്ങളിലേക്ക് വളരെ അത്യാവശ്യമല്ലാതുള്ള വിദേശ യാത്രകൾ ഇന്ത്യ പൗരന്മാർ ഒഴിവാക്കേണ്ടതാണ് എന്ന് ആവർത്തിച്ചു പറയുന്നുണ്ട്. ഇന്ത്യയിലേക്ക് വരുന്ന എല്ലാ അന്താരാഷ്ട്ര യാത്രികരും തനകളുടെ ആരോഗ്യം സ്വയം ശ്രദ്ധിക്കുകയും സർക്കാർ നിർദേശിച്ചതനുസരിച്ചുള്ള ചെയ്യേണ്ടവയും ചെയ്യരുതാത്തവയും പാലിക്കുകയും വേണം.

പണി, വരണ്ട ചുമ, ശ്വാസമെടുക്കുന്നതിൽ ബുദ്ധിമുട്ട് തുടങ്ങിയ ഏതെങ്കിലും തരത്തിലുള്ള അടയാളങ്ങൾ/ ലക്ഷണങ്ങൾ കാണുകയാണ് എങ്കിൽ, ദയവായി ഡോക്ടറെ സന്ദർശിക്കുക അല്ലെങ്കിൽ മന്ത്രാലയത്തിന്റെ 24 X 7 ഹെല്പ് ലൈൻ നമ്പറായ 011-23978046 എന്നതിൽ ബന്ധപ്പെടുക. ഡോക്ടറെ കാണാൻ പോകുന്നതിനു മുൻപ് മാസ്ക് ധരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.